# ഭാഗം 4 നാമത്തോടും ധാതുവിനോടും പ്രത്യയം ചേരുന്ന വിധി

**ഉള്ളടക്കം**


4.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
4.1 ആമുഖം
4.2 വചനം
4.2.1 ഏകവചനവും ബഹുവചനവും
4.2.2 ബഹുവചനഭേദം
4.2.3 സർവനാമങ്ങളുടെ ബഹുവചന രൂപങ്ങൾ
4.3 മലയാളത്തിലെ ലിംഗവ്യവസ്ഥ
4.4 വിഭക്തി
4.4.1 മിശ്രവിഭക്തി
4.4.2 വിഭക്ത്യാഭാസം
4.5 കാലം
4.5.1 വർത്തമാനകാലം
4.5.2 ഭൂതകാലം
4.5.3 ഭാവികാലം
4.6 പ്രകാശം
4.7 പ്രയോഗം
4.8 പാഠസംഗ്രഹം
4.9 പുരോഗതി പരിശോധിക്കുക—ഉത്തരം.


## 4.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

പ്രത്യയങ്ങളാണ് ഒരു ഭാഷയുടെ തനിമയെ കാണിക്കുന്നത്. നാമശബ്ദങ്ങളും ക്രിയാധാതുക്കളും പ്രത്യയങ്ങൾ ചേർന്നുകഴിയുമ്പോൾ വാക്യത്തിൽ പ്രയോഗിക്കാൻ സമർത്ഥങ്ങളായിത്തീരുന്നു. പദങ്ങളുടെ പരസ്പരബന്ധം പദങ്ങൾക്ക് ധാതുവുമായിട്ടുള്ള ചേർച്ച എന്നിവയാണ് പ്രത്യയങ്ങൾകൊണ്ട് വെളിവാകുന്നത്. വചനം, ലിംഗം, വിഭക്തി എന്നിവ സൂചിപ്പിക്കാനാണ് നാമപദത്തോട് പ്രത്യയങ്ങൾ ചേർക്കുന്നത്. കാലം, പ്രകാരം, പ്രയോഗം എന്നിവ സൂചിപ്പിക്കുവാൻ ധാതുവിനോടു പ്രത്യയങ്ങൾ ചേർക്കുന്നു. നാമപദങ്ങൾക്കും ക്രിയാധാതുക്കൾക്കും പ്രത്യയം ചേരുമ്പോൾ എന്തെന്ത് വികാരങ്ങൾ സംഭവിക്കുന്നു എന്ന് വിദ്യാർത്ഥികളെ മനസ്സിലാക്കിക്കുകയാണ് ഈ പാഠഭാഗത്തിന്റെ ഉദ്ദേശ്യം. താഴെ പറയുന്ന വിഷയങ്ങൾ ആയതിലേയ്ക്ക് സ്വീകരിച്ചിരിക്കുന്നു.

1. വചനം
2. വചനഭേദം
3. ലിംഗം
4. മലയാളത്തിലെ ലിംഗവ്യവസ്ഥ
5. വിഭക്തി
6. മിശ്രവിഭക്തി
7. വിഭക്ത്യാഭാസം
8. കൃതികളോട് ചേരുന്ന പ്രത്യയങ്ങൾ
9. കാലപ്രത്യയങ്ങൾ
10. പ്രകാരഭേദം
11. പ്രയോഗം

# 4.1 ആമുഖം

ഭാഷയിലെ പദങ്ങളെ പ്രധാനമായും രണ്ടായിത്തിരിക്കാം. നാമവും ക്രിയയുമാണ് ആ വിഭാഗങ്ങൾ. മററു പദങ്ങളും പ്രയോഗങ്ങളും ഇവയെ വിശേഷിപ്പിക്കുകയോ ഇവയുടെ അർത്ഥങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയോ ചെയ്യുന്നു. നാമങ്ങളുടേയും കൃതികളുടേയും (ക്രിയകളുടേയും) ചില പ്രത്യേകതകളെക്കുറിച്ചാണ് നാം ഇവിടെ പഠിക്കാൻ പോകുന്നത്.

നാമം ഏതെങ്കിലുമൊന്നിൻെറ പേരാണ്. ഒരു പേരു കേൾക്കുമ്പോൾ നാം ചിന്തിക്കുന്ന ചില കാര്യങ്ങളുണ്ട്. നാമംകൊണ്ടു കുറിക്കുന്ന വസ്തു ഒന്നോ ഒന്നിലേറെയോ? അത് ആണോ പെണ്ണോ അതോ നപുംസകമോ? അതുമല്ലെങ്കിൽ ആണും പെണ്ണും ചേർന്ന വിഭാഗമോ? വാക്യത്തിലെ മററു ഘടകങ്ങളോട് നാമപദം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ഈ ചോദ്യങ്ങളുടെ ഉത്തരം കിട്ടിയാൽ മാത്രമെ നമുക്ക് ആശയം പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുകയുള്ളു.

'കുട്ടികൾ ആററിൽ കുളിച്ചു' എന്നൊരു വാക്യമെടുക്കുക. കുട്ടികൾ ഒരാളല്ല, ഒന്നിലധികമുണ്ട്. കുട്ടി എന്നു മാത്രമായിരുന്നെങ്കിൽ ഒരു കുട്ടിയേ ഉണ്ടായിരുന്നുള്ളു എന്നു തീരുമാനിക്കാം. കുട്ടി എന്ന നാമപദത്തോട് 'കൾ' എന്ന പ്രത്യയം ചേർത്തപ്പോഴാണ് ഒന്നിലധികം എന്ന അർത്ഥം കിട്ടിയത്. ഇങ്ങനെ ഒന്നിലധികം എന്ന അർത്ഥം കിട്ടാൻ 'കൾ' മാത്രമല്ല വേറെയും പ്രത്യയങ്ങൾ ഉണ്ട്. അവ എവിടെയൊക്കെ, എങ്ങിനെയൊക്കെ ചേർക്കാം, ചേർക്കണം എന്ന് വിവരിക്കുകയാണ് വചനപ്രകരണം ചെയ്യുന്നത്. ഒന്നിലധികം എന്ന അർത്ഥം ഉദ്ദേശിക്കാതെ ബഹുമാനം കാണിക്കാനും നമ്മൾ ബഹുവചനരൂപം ഉപയോഗിക്കാറുണ്ട്. 'മാരാർ ചെണ്ട കൊട്ടുന്നു' എന്ന വാക്യത്തിൽ ഒരു മാരാരാണ് ചെണ്ട കൊട്ടുന്നത് എന്ന് വ്യക്തമാകുന്നു.

ശരി, വീണ്ടും കുട്ടികളുടെ കാര്യം നോക്കാം. 'കുട്ടികൾ' എന്നു മാത്രം പറയുമ്പോൾ അവർ ആൺകുട്ടികളുമാകാം പെൺകുട്ടികളുമാകാം. എന്ന് വ്യക്തമല്ല; ആൺകുട്ടികളും പെൺകുട്ടികളും ചേർന്നുമായി കൂടെ? കുട്ടിക്ക് ആൺപെൺ, വ്യത്യാസമില്ലെന്നു സാരം, രാമൻ, സീത, കൃഷ്ണൻ, സാവിത്രി എന്നെല്ലാമാണു നാമമെങ്കിൽ അവരിൽ ആണുങ്ങൾ ആരൊക്കെ, സ്ത്രീകൾ ആരൊക്കെ എന്നു തിരിച്ചറിയാൻ വിഷമമില്ല. ചിലപ്പോൾ പുല്ലിംഗത്തിൽ നിന്ന് സ്ത്രീലിംഗം ഉണ്ടാക്കേണ്ടതായും വരും. ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യാകരണഭാഗം ലിംഗപ്രകരണമാണ്

ആററിൽ കുളിക്കുന്നു എന്നു പറയുമ്പോൾ ആറ് എന്ന നാമപദത്തിൻെറ കൂടെ 'ഇൽ' എന്നൊരു പ്രത്യയം ചേർത്തിരിക്കുന്നതു ശ്രദ്ധിക്കുക. അതിൽ, അതിനുള്ളിൽ എന്നൊക്കെ അർത്ഥം കിട്ടാനാണ് ആ പ്രത്യയം ചേർക്കുന്നത്. എവിടെ കുളിക്കുന്നു എന്ന ചോദ്യത്തിന് ഉത്തരം കിട്ടാൻ അതുവേണം. ഇങ്ങനെ നാമത്തിനു മററു പദങ്ങളോടുള്ള ബന്ധം കാണിക്കുന്നതിനു വിഭക്തി എന്നാണ് പേര്.

അപ്പോൾ നാമത്തെക്കുറിച്ചു പറയുമ്പോൾ
വചനം
ലിംഗം
വിഭക്തി
എന്നീ മൂന്നു കാര്യങ്ങൾ നാം പരിഗണിക്കുന്നു.

ഇനി ക്രിയയെപ്പററി ചിന്തിക്കാം.

കാലം, പ്രകാരം, പ്രയോഗം എന്നീ മൂന്നു കാര്യങ്ങൾ ഇവിടെ പഠിക്കാനുണ്ട്. ക്രിയ ഇപ്പോൾ നടക്കുന്നതോ, നടന്നുകഴിഞ്ഞതോ നടക്കാനിരിക്കുന്നതോ എന്ന് അറിയുകയാണ് കാലംകൊണ്ട് ഉദ്ദേശിക്കുന്നത്. ക്രിയാധാതുവിന് ഈ മൂന്നു കാലങ്ങളിലും വരുന്ന രൂപഭേദങ്ങളേയും കുറിച്ചറിയണം.

സീത പാട്ടു പാടുന്നു.
സീതയ്ക്കു പാട്ടു പാടാം.
സീത പാട്ടു പാടണം

ഈ മൂന്നു വാക്യങ്ങളിലും ക്രിയ പാടുകയാണ്. പക്ഷേ, ആ ക്രിയയുടെ നേരെയുള്ള വക്താവിൻെ മനോഭാവം ഒന്നല്ലല്ലോ. പ്രകാരം ചിന്തിക്കുന്ന വിഷയം ഈ താല്പര്യഭേദമാണ്. അതുപോലെ വാക്യത്തിൽ കർത്താവിനോ കർമ്മത്തിനോ പ്രാധാന്യം വരുന്ന രണ്ടുതരം പ്രയോഗങ്ങളുണ്ട്. പ്രയോഗം എന്ന വിഭാഗത്തിൽ അതിനെക്കുറിച്ചാണ് പറയുന്നത്.

കർത്തരി പ്രയോഗം, കർമ്മണി പ്രയോഗം എന്ന് അവയ്ക്ക് പേരും കൊടുത്തിട്ടുണ്ട്.

ഈ വിഭാഗങ്ങളെക്കുറിച്ച് നമുക്ക് വിശദമായി പഠിക്കാം.



## 4.2 വചനം

ഏതെങ്കിലും വസതുവിനെക്കുറിച്ചു പറയുമ്പോഴ് അത് ഒന്നോ അതിൽ കൂടുതലോ എന്നു കാണിക്കേണ്ടി വരുമല്ലോ. അതിനുവേണ്ടി ചെയ്യുന്ന രൂപഭേദത്തെയാണ് വചനം എന്ന വ്യാകരണവിഭാഗം പഠിപ്പിക്കുന്നത്.

### 4.2.1 ഏകവചനവും ബഹുവചനവും

നമ്മുടെ ഭാഷയിൽ രണ്ടു വചനമേയുള്ളു. ഒന്നിനെക്കുറിക്കാൻ ഏകവചനം, ഒന്നിലേറെയുള്ളതിനെക്കുറിക്കാൻ ബഹുവചനം. സംസ്കൃതഭാഷയിൽ രണ്ടെണ്ണത്തെക്കുറിക്കാൻ ദ്വിവചനം കൂടിയുണ്ട്. നമുക്കു അങ്ങനെയൊന്നില്ല. ഏകവചനത്തിനു പ്രത്യയം ആവശ്യമില്ല. നാമത്തിന്റെ രൂപംതന്നെ ഏകവചനം. ലിംഗപ്രത്യയം ചേർന്ന രൂപമാണെങ്കിൽ അതുതന്നെ ഏകവചനരൂപം എന്നു പറയാം.

ഉദാ: രാമൻ

സീത

കാട്ടാളൻ

മരം

### 4.2.2 ബഹുവചനഭേദം

ബ ുവചനം മൂന്നു വിധത്തിലുണ്ട്, നമ്മുടെ ഭാഷയിൽ

1. സലിംഗ ബഹുവചനം
2. അലിംഗ ബഹുവചനം
3. പൂജക ബഹുവചനം

സ്ത്രീപുരുഷൻമാരെ വേർതിരിച്ചു കാണിക്കുന്നതാണ് സലിംഗബഹുവചനം. അലിംഗത്തിലാകട്ടെ സ്ത്രീപുരുഷൻമാരെ ചേർത്ത് വ്യവഹരിക്കുന്നു. ഒരു വ്യക്തിക്കു തന്നെ ബഹുമാന സൂചകമായി ചേർക്കുന്നതാണ് പൂജകബഹുവചനം.

| | | | |
|---|---|---|---|
| ഉദാ: | മിടുക്കൻ | — | ഏകവചനം |
| | മിടുക്കൻമാർ | — | സലിംഗബഹുവചനം |
| | മിടുക്കർ | — | അലിംഗബഹുവചനം |

ഇതിൽ നിന്ന് 'അർ' അലിംഗബഹുവചനപ്രത്യയവും മാർ സലിംഗബഹുവചനപ്രത്യയവും ആണെന്നു വ്യക്തമാണല്ലോ.

| | | | | |
|---|---|---|---|---|
| ഉദാ: | മിടുക്കൻ | — | മിടുക്കൻമാർ | (പു) |
| | മിടുക്കത്തി | — | മിടുക്കത്തിമാർ | (സ്ത്രീ) |

നപുംസകലിംഗത്തിന്റെ ബഹുവചനരൂപമുണ്ടാക്കാൻ ചേർക്കുന്ന പ്രത്യയം 'കൾ' ആണ്.

| | | | |
|---|---|---|---|
| ഉദാ: | മരം | — | മരങ്ങൾ |
| | വണ്ടി | — | വണ്ടികൾ |
| | ചാക്ക് | — | ചാക്കുകൾ |

കുട്ടികൾ, വേലക്കാരത്തികൾ എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽ നാമം സചേതനമായിരുന്നിട്ടും 'കൾ' ചേർത്തു കാണുന്നുവല്ലോ എന്ന് നിങ്ങൾക്കു സംശയം വരും. ആ സംശയം അസ്ഥാനത്തല്ല. അവിടെ അവരുടെ സചേതനത്വം അനാദരം മൂലമോ ഉദാസീനതമൂലമോ പരിഗണിക്കാതിരിക്കുന്നതുകൊണ്ടാണ് 'കൾ' പ്രയോഗിക്കുന്നത് എന്നാണ് അതിനു സമാധാനം. ആനകൾ, കുരങ്ങുകൾ എന്നിടത്ത് സചേതനത്തോടു കൂടെ തന്നെയാണ് 'കൾ' പ്രത്യയം ചേർത്തിട്ടുള്ളത്. പക്ഷെ അവ തിര്യക്ക് വർഗ്ഗത്തിൽപ്പെടുന്നു. സചേതനങ്ങളാണെങ്കിലും അവയെ നപുംസക ലിംഗങ്ങളായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ അത് പൂർണ്ണസ്വീകാര്യമായ സമാധാനമല്ല. കവികൾ, പിതാക്കൾ, തുടങ്ങിയ പ്രയോഗങ്ങളിൽ അനാദരമോ അവഗണയോ ഒന്നുമില്ല. മഹത്തുക്കൾ, സത്തുക്കൾ എന്നിടത്ത് അനാദരമോ? 'കൾ' പ്രത്യയം ഇന്നടത്തേ ചേർത്തു കൂടു എന്നു ശഠിക്കാൻ പ്രയാസം എന്ന് ചുരുക്കം.

അ, ഇ, എ എന്ന വിവേചക സർവ്വനാമങ്ങൾക്ക് 'അ' ചേർത്താൽ ബഹുവചനമായി.

| | | | |
|---|---|---|---|
| ഉദാ: | അ | — | അവ |
| | ഇ | — | ഇവ |
| | എ | — | എവ |

പൂജകബഹുവചനത്തിന്, അർ, ആ, കൾ എന്നീ പ്രത്യയങ്ങൾ ഉപയോഗിക്കും.

| | | | |
|---|---|---|---|
| ഉദാ: | മാരാൻ | — | മാരാർ |
| | പണ്ഡിതൻ | — | പണ്ഡിതർ |
| | പിതാവ് | — | പിതാക്കൾ |
| | തമ്പുരാൻ | — | തമ്പുരാക്കൾ |

ആൺ, പെൺ എന്നീ പദങ്ങളിൽ 'കൾ' ചേർത്തു കിട്ടുന്ന ആങ്ങള, പെങ്ങൾ രൂപങ്ങളിൽ ബഹുത്വം ഉദ്ദേശിച്ചിട്ടില്ല. ആങ്ങളമാർ പെങ്ങന്മാർ എന്നിങ്ങനെ വീണ്ടും ബഹുവചനപ്രത്യയം ചേർത്താലെ അവിടെ ബഹുവചനത്തിന്റെ അർത്ഥം കിട്ടൂ.

സംഖ്യാവാചകമായ വിശേഷണപദം നപുംസകത്തോട് ചേർത്താൽ ബഹുവചനപ്രത്യയം ചേർക്കേണ്ടതില്ലെന്നാണ് ഭാഷയിലെ നിയമം. പത്തു തേങ്ങകൾ, നൂറു കുതിരകൾ എന്നിങ്ങനെ പറയുന്നതും എഴുതുന്നതും അഭംഗിയാണ്. പത്തു തേങ്ങ, നൂറു കുതിര എന്നു മതി.

## 4.2.3 സർവ്വനാമങ്ങളുടെ ബഹുവചനരൂപങ്ങൾ

സർവ്വനാമങ്ങളുടെ ബഹുവചനരൂപങ്ങളെക്കുറിച്ച് ചിന്തിക്കാം.

| | | | |
|---|---|---|---|
| ഉത്തമ പുരുഷസർവ്വനാമം | — | ഏകവചനം | ബഹുവചനം |
| | | ഞാൻ | ഞങ്ങൾ |

'ഞാനി'ലെ ദീർഘം ഞങ്ങളിൽ ഹ്രസ്വമായി. 'നാം' എന്നും ഒരു ബഹുവചനരൂപമുണ്ട്. അതിന്റെമേൽ വീണ്ടും 'കൾ' പ്രത്യയം ചേർത്ത് 'നമ്മൾ' എന്നും രൂപമുണ്ടാക്കിയിട്ടുണ്ട്. 'നാം' പൂജകബഹുവചനമായി പരിഗണിക്കാം. അതല്ലാതെയും പ്രയോഗം കണ്ടെന്നു വരാം.

ഞങ്ങളും നമ്മളും തമ്മിൽ വ്യത്യാസമുണ്ട്. ഞങ്ങളിൽ ഉത്തമപുരുഷനും പ്രഥമപുരുഷനും ഉൾപ്പെടുന്നു. (ഞാനും+അവനും) ശ്രോതാവിനെ— മധ്യമപുരുഷനെ—ഞങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. നമ്മളിൽ മധ്യമപുരുഷനും ഉൾപ്പെടും. പ്രഥമ പുരുഷൻ അവിടെ പരിഗണനയിൽ വരുന്നില്ല. പരിഗണിക്കപ്പെട്ടും പെടാതെയും ഞങ്ങൾ ഉപയോഗിക്കാമെന്നർത്ഥം.

'തൻ' എന്ന സ്വവാചിസർവ്വനാമത്തിൽ ഞങ്ങൾ താങ്കൾ എന്ന് രണ്ടു ബഹുവചനരൂപം ഉണ്ടെങ്കിലും രണ്ടിനും അർത്ഥമൊന്നല്ല. തങ്ങൾ മാത്രമാണ് ഇപ്പോൾ 'തൻ' എന്നതിന്റെ ബഹുവചനരൂപം. താങ്ങളും 'തൻ' എന്നതിൽനിന്ന് ഉണ്ടായതാണെങ്കിലും മധ്യമപുരുഷനെ കുറിക്കുന്ന പൂജകബഹുവചനം എന്ന നിലയ്ക്കേ ഭാഷയിൽ പ്രയോഗമുള്ളൂ.

നീ — നിങ്ങൾ — 'കൾ' പ്രത്യയം ചേർത്തു.

വിശേഷണവിശേഷ്യങ്ങൾ പ്രയോഗിക്കുമ്പോൾ ലിംഗവചനപ്പൊരുത്തം ദീക്ഷിക്കേണ്ടതാണ്.

സമർത്ഥനായ ബാലൻ എന്നല്ലാതെ സമർത്ഥയായ എന്നോ സമർത്ഥമായ എന്നോ പ്രയോഗിച്ചാൽ ബാലനു സമ്മതമാവുകയില്ലല്ലോ.

എന്നാൽ പേരെച്ചങ്ങളായ ഭേദകരൂപങ്ങളിൽ ഇതൊന്നും നോക്കേണ്ടതില്ല.

വന്ന മനുഷ്യൻ എന്നു മതി; വന്നവനായ മനുഷ്യൻ എന്നു ആവശ്യമില്ല.

**പുരോഗതി സ്വയം പരിശോധിക്കുക:**

അ) 1. സംസ്കൃതത്തിലെയും മലയാളത്തിലെയും വചനങ്ങൾക്കുള്ള വ്യത്യാസമെന്ത്?

2. സംഖ്യാവിശേഷണം ചേർത്താൽ ശബ്ദത്തോടു നപുംസക ബഹുവചനരൂപത്തിന്റെ പ്രത്യേകത എന്ത്?

3. പൂജകബഹുവചനമെന്നാലെന്ത്?

4. സലിംഗ ബഹുവചനമെന്നാലെന്ത്?

5. അലിംഗബഹുവചനമെന്നാലെന്ത്?

ആ) അർത്ഥവ്യത്യാസം വ്യക്തമാക്കുക.

| | | | |
|---|---|---|---|
| 1. | മിടുക്കൻമാർ | — | മിടുക്കർ |
| 2. | ഞങ്ങൾ | — | നമ്മൾ |
| 3. | താൻ | — | താങ്ങൾ |

ഇ) വചനപ്രത്യയം വേർതിരിച്ചെഴുതുക.

1. മിടുക്കൻമാരുടെ 2. താങ്ങളുടെ 3. മരങ്ങൾ 4. അവ
5. സമർത്ഥനായ ബാലൻ.

ഈ). ഏതാണ് അഭംഗിയുള്ള പ്രയോഗമെന്ന് രേഖപ്പെടുത്തുക.

| | | |
|---|---|---|
| 1. | പത്തുകുതിരകളെ പൂട്ടിയ വണ്ടി. | പത്തു കുതിരയെ പൂട്ടിയ വണ്ടി. |
| 2. | നാലു മാങ്ങകൾ വേണം. | നാലു മാങ്ങ വേണം. |
| 3. | ദശരഥനു മൂന്നു ഭാര്യമാർ ഉണ്ടായിരുന്നു. | ദശരഥനു മൂന്നു ഭാര്യ ഉണ്ടായിരുന്നു. |

## 4.3 മലയാളത്തിലെ ലിംഗവ്യവസ്ഥ

ലോകത്തിലെ വസ്തുക്കളെ പുരുഷൻ, സ്ത്രീ, നപുംസകം എന്നു മൂന്നായി തിരിക്കാമല്ലോ. അതിനെയാണ് ലിംഗം എന്നു പറയുന്നത്. രണ്ടുതരം ലിംഗവ്യവസ്ഥകൾ ഭാഷയിൽ സ്വീകരിക്കാറുണ്ട്. ഒന്ന് സാങ്കേതികമാണ്. എന്നു വച്ചാൽ പദത്തിന്റെ സ്വരൂപമനുസരിച്ചാണ് അവിടെ പുല്ലിംഗമോ സ്ത്രീലിംഗമോ എന്നു നിശ്ചയിക്കുക. സംസ്കൃതം ഈ സമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ മലയാളത്തിന്റെ രീതി അതല്ല. പദത്തിന്റെ അർത്ഥം ഏതു വസ്തുവിനെ കുറിക്കുന്നുവോ ആ വസ്തു ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നാണ് മലയാളം നോക്കുന്നത്. വ്യാകരണസങ്കേതമല്ല, സ്വാഭാവികതയാണ് ഇവിടെ സ്വീകരിക്കുന്ന തത്വം എന്നാണ് ഇതു കാണിക്കുന്നത്. അതുമാത്രമല്ല സചേതനവസ്തുവാണെങ്കിലും ജന്തുക്കളെയും മററും അത്യാവശ്യമില്ലെങ്കിൽ നപുംസകങ്ങളുടെ കൂട്ടത്തിൽപെടുത്തി വ്യവഹരിക്കാനാണ് മലയാളിയ്ക്ക് ഇഷ്ടം. ആൺപൂച്ചയായാലും പെൺപൂച്ചയായാലും അത് എന്നല്ലാതെ അവൻ എന്നോ അവൾ എന്നോ നാം പറയാറില്ലല്ലോ.

അർത്ഥംകൊണ്ട് പുംസ്ത്രീഭേദം തിരിച്ചറിയാവുന്നിടത്ത് ലിംഗപ്രത്യയം ചേർക്കേണ്ട കാര്യമില്ല.

### 4.3.1 ലിംഗപ്രത്യയങ്ങൾ

| | | | | |
|---|---|---|---|---|
| പുല്ലിംഗം | — | അൻ | — | അവൻ |
| സ്ത്രീലിംഗം | — | അൾ | — | അവൾ |
| നപുംസകലിംഗം | — | തു | — | അതു |

അൻ കാണുന്നതെല്ലാം പുല്ലിംഗപ്രത്യയമാണെന്നു വിചാരിക്കുന്നതും ശരിയല്ല. അക്കൻ സ്ത്രീലിംഗമാണല്ലോ.

സർവ്വനാമങ്ങളിൽ അൻ, അൾ, തു പ്രത്യയങ്ങൾ ചേർത്ത് യഥാക്രമം പുല്ലിംഗ നപുംസകലിംഗങ്ങൾ ഉണ്ടാക്കാമെന്നു പറയുന്നിടത്തോളം കാര്യം ശരിതന്നെ.

ഇതേ പ്രത്യയങ്ങൾതന്നെ പേരെച്ചങ്ങൾ വിഭക്തികൾ മുതലായവയിലും ചേർത്ത് ലിംഗഭേദം കുറിക്കാം.

ഉദാ: പറഞ്ഞ + അവൻ അവൾ, അത് — പറഞ്ഞവൻ, പറഞ്ഞവൾ, പറഞ്ഞത്
കെട്ടിയ + അവൻ, അവൾ, അത് — കെട്ടിയവൻ, കെട്ടിയവൾ, കെട്ടിയത്
എന്റെ + അവൻ, അവൾ, അത് — എന്റെയവൻ, എന്റെയവൾ, എന്റേത്

ബഹുമാനസൂചകമായി പുല്ലിംഗത്തിൽ ആൻ എന്നും സ്ത്രീലിംഗത്തിൽ ആൾ എന്നും വേണമെന്ന് ഏ.ആർ. രാജരാജവർമ്മ പറഞ്ഞിട്ടുണ്ട്. ബഹുവചനമാണെങ്കിൽ പ്രത്യയം അർ ആകുന്നു.

തന്തയാൾ, തള്ളയാൾ, തന്തയാർ, തള്ളയാർ, എന്നിങ്ങനെ ഉദാഹരണവും കൊടുക്കുന്നു. ആക്കൂട്ടത്തിൽ വിഡ്ഢിയാനും മൊട്ടയാനും കടന്നുവരുന്നുണ്ട്. വിഡ്ഢിയാനെ അത്രയ്ക്കു ബഹുമാനിക്കണോ?

ചില ശബ്ദങ്ങളിൽ **'ത്തി'** സ്ത്രീലിംഗപ്രത്യയമാണ്.

ഉദാ: പണിക്കാരൻ — പണിക്കാർത്തി
ഈ 'ത്തി' ച കാരാദേശം വന്ന് 'ച്ചി' ആയെന്നും വരും.

ഉദാ: മടിയൻ — മടിച്ചി
തടിയൻ — തടിച്ചി

ഒരു പക്ഷേ സംസ്കൃത്തിലെ സ്ത്രീശബ്ദം രൂപം മാറി വന്നതാകാം 'ത്തി'

ആൺകുട്ടി, പെൺകുട്ടി

എന്നിങ്ങനെ ആൺപെൺ ശബ്ദം ചേർത്ത് ലിംഗഭേദം വരുത്തുന്ന അതേവഴിതന്നെയാണ് ഈ രൂപങ്ങളുടെയും പോക്ക്.

വേലക്കാരത്തി—വേലക്കാരി—എന്നിങ്ങനെ 'ത്ത' പോയി 'ഇ' കാരം മാത്രം നില്ക്കുകയുമാവാം.

കള്ളൻ, കള്ളി, പൊണ്ണൻ—പൊണ്ണി എന്നിങ്ങനെ 'ഇ' കാരം പലയിടത്തും കാണന്നുണ്ടുതാനും.

'സ്യാർ' ചേർത്ത് സ്ത്രീലിംഗ രൂപം ഉണ്ടാക്കുന്ന ചില ശബ്ദങ്ങളുമുണ്ട്

ഉദാ:— വാരസ്യാർ, പിഷാരസ്യാർ.

'ഇ' പ്രത്യയത്തിന്റെ മററൊരു വിശേഷവും ശ്രദ്ധിക്കേണ്ടതാണ്.

ഗായകന്റെ സ്ത്രീലിംഗം ഗായികയാണ് ഇ കാരം അവസാന വർണ്ണത്തിലല്ല മദ്ധ്യത്തിലാണ് ചേർക്കുന്നത്. എന്നാൽ 'ഗായകി' എന്നൊരു സ്ത്രീലിംഗരൂപവും ഉണ്ട്. അർത്ഥത്തിൽ അല്പം വ്യത്യാസം വരും. ഗായകി—ഗായകന്റെ ഭാര്യയാണ് അതുപോലെയാണ് പ്രവാചകൻ—പ്രവാചിക, പ്രവാചകി എന്ന രൂപങ്ങളും. പ്രവാചനം നടത്തുന്ന സ്ത്രീ പ്രവാചിക, പ്രവാചകന്റെ ഭാര്യ പ്രവാചകി.

ജാതിസൂചകമായ ശബ്ദങ്ങളിൽ 'ഇ' ചേർത്ത് സ്ത്രീലിംഗരൂപമുണ്ടാക്കാം. .

ഉദാ: സിംഹം — സിംഹി
ബ്രാഹ്മണൻ — ബ്രാഹ്മണി
സംസ്കൃത രൂപങ്ങളിൽ ഏറെപങ്കും ഇങ്ങനെ ഇ കാരം ചേർത്ത് സ്ത്രീലിംഗം ഉണ്ടാക്കാവുന്നതാണ്. അകാരാന്തമായ നാമധാതുക്കളാണെങ്കിൽ ആകാരം ചേർത്ത് സ്ത്രീലിംഗം ഉണ്ടാക്കാം. തത്സമത്തിൽ അത് ഹ്രസ്വമാകും.

ഉദാ: സമർത്ഥൻ — സമർത്ഥ

**പുരോഗതി സ്വയം പരിശോധിക്കുക. 2.**

ക) 1. മലയാളത്തിലെ ലിംഗവ്യവസ്ഥ എന്ത്?

2. സ്ത്രീലിംഗം എഴുതുക.

1. ദേവൻ
2. നിശാചരൻ
3. മയൂരം
4. മഹാൻ
5. ഉദാരൻ
6. തട്ടാൻ
7. നുണയൻ
8. ജ്യേഷ്ഠൻ
9. തംപുരാൻ
10. വാര്യർ

## 4.4 വിഭക്തി

**നാമത്തിനു മററു പദങ്ങളോടുള്ള ബന്ധം കാണിക്കുന്നതിന് നാമത്തിൽ ചേർക്കുന്ന പ്രത്യയങ്ങളെ വിഭക്തി എന്നു പറയുന്നു. സംസ്കൃതത്തിലെപ്പോലെ ഏഴു വിഭക്തികാം മലയാളത്തിൽ കാണാം.**

1. നിർദ്ദേശിക — പ്രത്യയം ഇല്ല
2. പ്രതിഗ്രാഹിക — എ
3. സംയോജിക — ഓട്
4. ഉദ്ദേശിക — ക്ക്

5. പ്രയോജിക — ആൽ
6. സംബന്ധിക — ഉടെ
7. ആധാരിക — ഇൽ, കൽ.

**നിർദ്ദേശിക**

നിർദ്ദേശികയ്ക്ക് പ്രത്യയം ഒന്നുതന്നെയില്ല. വാക്യത്തിൽ കർത്താവായി നിൽക്കുന്ന നാമം ആണ് നിർദ്ദേശിക. 'രാമൻ രാവണനെ കൊന്നു' എന്ന വാക്യത്തിൽ രാമൻ· കർത്താവാണ്. രാമനോടുകൂടെ പ്രത്യയം ചേരുന്നില്ല. നാമരൂപം അതേപടി നിർദ്ദേശിക്കുകമാത്രമേ ചെയ്യുന്നുള്ളൂ.. 'രാമൻ എന്ന രാജാവ്' എന്നു പറയുന്നിടത്തും നാമനിർദ്ദേശമേയുള്ളൂ. അതുകൊണ്ട് പ്രത്യയം ആവശ്യമില്ല.

കർമ്മണി പ്രയോഗത്തിലെ കർമ്മവും നിർദ്ദേശികാവിഭക്തിയിലാണ് വരുന്നത്.

**രാവണൻ** രാമനാൽ കൊല്ലപ്പെട്ടു.

പ്രതിഗ്രാഹിക

കർമ്മഫലം ഏൽക്കുന്ന—പ്രതിഗ്രഹിക്കുന്ന—നാമമാണ് പ്രതിഗ്രാഹിക.

രാമൻ **രാവണനെ** കൊന്നു.

പ്രതിഗ്രാഹികാവിഭക്തിയുടെ പ്രത്യയം 'എ' ആണ്. എന്നെ, നിന്നെ, സീതയെ, ശിശുവിനെ

**സംയോജിക**

'ഓട്' ആണ് ഇതിന്റെ പ്രത്യയം. സാക്ഷികാരകമാണ്. വേണമെങ്കിൽ അപ്രധാനകർത്താവിനെക്കുറിക്കുന്നു എന്നു പറയാം.

കൃഷ്ണൻ **ബലരാമനോടുകൂടെ** പോയി. ശിവൻ **ശക്തിയോടു** ചേരുന്നു.

മരത്തോട്, മനുഷ്യരോടു മററുദാഹരണങ്ങൾ.

**ഉദ്ദേശിക**

'ക്ക്' ആണു പ്രത്യയം — കാരകം സ്വാമി. പല അർത്ഥങ്ങൾ ഉദ്ദേശികയ്ക്കു വരാം.

അവർക്ക് പുസ്തകം കിട്ടി.
എനിക്ക് വിശക്കുന്നു.

'അൻ' — 'ൽ' അവസാനിക്കുന്ന നാമങ്ങളിൽ 'ക്' ചേർക്കുമ്പോൾ ഒന്നു ലോപിച്ചുപോകും. അങ്ങനെ 'അവനുക്ക്' എന്നതിൽ 'അവന്' എന്നുമാത്രമേ പ്രയോഗത്തിൽ കാണൂ. പക്ഷേ പ്രത്യയം 'ക്ക്' തന്നെയാണ്; അത് ലോപിക്കുന്നു എന്നു മാത്രം.

**പ്രയോജിക** 'അൽ' പ്രത്യയം — ഹേതുവാണ് കാരകം.

**ഭാഗ്യത്താൽ** പരീക്ഷ ജയിച്ചു.

**വടിയാൽ** അടിച്ചു.

'കൊണ്ട്' എന്ന നിപാതവും ഇതേ അർത്ഥത്തിൽ ഉപയോഗിക്കാം.

ഭാഗ്യംകൊണ്ട് പരീക്ഷ ജയിച്ചു.
വടികൊണ്ട് അടിച്ചു.

എന്നിങ്ങനെ പറഞ്ഞാലും അർത്ഥം മാറുന്നില്ലല്ലോ. ആൽ·പ്രത്യയത്തിനു ഹേതുവും കൊണ്ട് എന്ന നിപാതത്തിനു കരണവും അർത്ഥം വ്യവച്ഛേദിക്കുന്നത് നല്ലതാണെന്നും ഒരഭിപ്രായമുണ്ട്

**സംബന്ധിക**

'ഉടെ' എന്നു പ്രത്യയം.
സംബന്ധത്തെ കുറിക്കുന്ന വിഭക്തിയാണിത്.

ഉദാ: **എന്റെ** കുട്ടി.
**രാമന്റെ** പുസ്തകം
**വീടിന്റെ** പൂമുഖം

'ഉടെ' എന്ന പ്രത്യയം തന്നെയാണ് രൂപപരിണാമം വന്ന് 'ന്റെ' ആകുന്നത്. എന്നുടെ, രാമനുടെ എന്നിങ്ങനെയും രൂപമുണ്ട്. 'അൻ' എന്ന് അവസാനിക്കുന്ന നാമങ്ങളോട് 'ഉടെ' ചേരുമ്പോഴാണ് 'ന്റെ' എന്ന് രൂപമാററം വരുന്നതും. അല്ലെങ്കിൽ 'ഇൻ' ഇടനിലയായി ചേർത്ത് കാടിന്റെ വീടിന്റെ എന്നു വരും.

അല്ലാത്ത നാമങ്ങളിലാകട്ടെ

സീതയുടെ
കുട്ടിയുടെ

എന്നെല്ലാം 'ഉടെ' രൂപത്തിൽ തന്നെ പ്രത്യയം കാണുന്നു.

**ആധാരിക**

ആധാരികയ്ക്ക് 'ഇൽ' എന്നു രണ്ടു പ്രത്യയങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് അധികരണമാണ് കാരകം.

ഉദാ: തോട്ടിൽ, തോട്ടിങ്കൽ
കുളത്തിൽ, കുളത്തിങ്കൽ

പക്ഷേ, ഇവ തമ്മിൽ വ്യത്യാസമുണ്ട്. കുളത്തിൽ എന്നു പറഞ്ഞാൽ കുളത്തിനുള്ളിലാണ്. കുളത്തിങ്കൽ ആകുമ്പോൾ കുളത്തിന്റെ സമീപം എന്നേ അർത്ഥം കിട്ടൂ.

**സംബോധന**

സംബോധനയെ ഒരു വിഭക്തിയായി ഗണിച്ച് ആകെ എട്ടു വിഭക്തി എന്നും ചിലർ പറയാറുണ്ട്.

നാമങ്ങളുടെ അവസാനം 'ഏ' എന്നു ചേർത്തോ അനന്ത്യസ്വരം ദീർഘമാക്കിയോ ചിലപ്പോൾ ഓ ചേർത്തോ സംബോധനാ രൂപം ഉണ്ടാക്കാം. വിളിക്കുമ്പോൾ നീട്ടി വിളിക്കണം എന്ന കാര്യത്തിൽ മാററമില്ല.

| | |
|---|---|
| സുഹൃത്തേ, | അച്ഛാ |
| ഗുരുവേ, | അപ്പാ |
| സീതേ, | കവേ, |
| ദേവീ, | പുത്രാ, |
| തോഴീ, | അമ്മോ |

## 4.4.1 മിശ്രവിഭക്തി

വിഭക്തി പ്രത്യയങ്ങൾക്കുശേഷം ഗതി ചേർത്ത് ചില അർത്ഥ ഭേദങ്ങൾ ഉണ്ടാക്കാറുണ്ട് അതിനെയാണ് മിശ്രവിഭക്തി എന്നു വിളിക്കുന്നത്.

രാമനോടുകൂടെ
മരത്തിൽനിന്ന്
ഓടാൻ വേണ്ടി

## 4.4.2 വിഭക്ത്യഭാസം

വിഭക്തിയുടെ അർത്ഥം കാണിക്കുന്നതും എല്ലാ നാമങ്ങളോടും ചേരാത്തതും, പ്രത്യയങ്ങൾ ലോപിച്ച് അംഗം മാത്രമായി നിലക്കുന്നതും ഒന്നിനുമേൽ മററൊന്നു വരുന്നതും ആയി ചില പ്രയോഗങ്ങളുളളതിനെയാണ് വിഭക്ത്യാഭാസം എന്നു പേരിട്ടിരിക്കുന്നത്.

കാലം ദേശം ഇവ പറയുന്നിടത്ത് ആധാരികാ വിഭക്തിയുടെ പ്രത്യയം ചേർക്കാതെ 'അത്ത്' എന്നു ചേർക്കുകയോ, അംഗത്തിന്റെ അവസാന വ്യഞ്ജനം ഇരട്ടിക്കുകയോ ചെയ്താൽ മതി.

അരികത്ത്
ദൂരത്ത്
കോഴിക്കോട്
പന്ത്രണ്ടാം തീയതി (തീയതിയിൽ എന്നു വേണ്ട)

സംബന്ധികയുടെ അർത്ഥം 'ഇൻ' എന്ന ഇടനിലകൊണ്ടു തന്നെ കിട്ടും. ന്റെ ഉടെ പ്രത്യയങ്ങൾ ആവശ്യമില്ലാത്ത രൂപങ്ങൾ ഉണ്ട്.

എന്റെ കാര്യം, എൻ കാര്യമാകാം.
കുന്നിന്റെ മകൾ, കുന്നിൻ മകൾ, തെങ്ങിന്റെ കായ്—തേങ്ങ

ആധാരികാവിഭക്തി പ്രത്യയത്തിന്റെ കൂടെ 'ഏ' ചേർത്താൽ അതിലുളളത് എന്ന് അർത്ഥം കിട്ടും.



കാട്ടിൽ + എ = കാട്ടിലെ ആന

കാററത്തെ കിളിക്കൂട്
ആധാരികാ പ്രത്യയത്തിനുശേഷം ഉദ്ദേശികാ വിഭക്തി ചേർത്താൽ രണ്ടർത്ഥം കിട്ടും.

ഉദാ: വെള്ളത്തിലേക്ക് ഇറങ്ങുന്നു.
കോഴിക്കോട്ടേയ്ക്കു പോയി.

അധാരികയുടെ ശേഷം സംയോജിക ചേർക്കുന്ന രീതിയുമുണ്ട്

ഉദാ: വെള്ളത്തിലോട്ട്.

**പുരോഗതി സ്വയം പരിശോധിക്കുക. 3**

ച) 1. വിഭക്തിയെന്നാലെന്ത്? ഓരോ വിഭക്തിയുടേയും പ്രത്യയവും ഉദാഹരണസഹിതം എഴുതുക.

2. വിഭക്തി നിർണ്ണയിക്കുക.

1. പാടത്തിൻകര
2. കാട്ടിലെ തടി
3. തേവരുടെ ആന
4. അവന്
5. എൻെറ
6. അമ്മോ

# 4.5 കാലം

ലിംഗം,-വചനം, വിഭക്തി എന്നിവ നാമങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണ്. അവയെപ്പററി ചിലകാര്യങ്ങൾ നാം പരിചിന്തനത്തിനു വിധേയമാക്കി. ഇനി ക്രിയയെക്കുറിച്ചാണ് ചിന്തിക്കാനുള്ളത്. കാലം, പ്രകാരം, പ്രയോഗം എന്നിവയാണ് ഇക്കൂട്ടത്തിൽ പ്രത്യേകമായി പഠിക്കാനുള്ളത്.

അതിനു മുമ്പ് രണ്ടു ചെറിയ കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നല്ലതാണ്.

കുട്ടി ചോറുണ്ടു.
അമ്മ കുട്ടിയെ ചോറൂട്ടി.

എന്നീ രണ്ടു വാക്യങ്ങളിലും ചോറു കുട്ടിയുടെ വയററിൽ തന്നെയാണ് ചെന്നതെങ്കിലും വാക്യത്തിൻെറ പ്രകൃതി ഒന്നല്ലല്ലോ. ആദ്യത്തെ വാക്യത്തിൽ കുട്ടിയാണ് കർത്താവ്. രണ്ടാമത്തെ വാക്യത്തിൽ അമ്മയും. 'ഉണ്ണുക' എന്ന പ്രവൃത്തി ചെയ്യുന്നത് കുട്ടിയാണ്. കുട്ടി സ്വമേധയാ ചെയ്യുന്നില്ല. പ്രേരണവേണ്ടി വരുന്നു എന്നാണ് വിവക്ഷ. അതുകൊണ്ട് ആണെന്നു പറയാം. ഉണ്ണുന്നു. ഉണ്ടു എന്നിങ്ങനെയുള്ള പരപ്രേരണയില്ലാത്ത ക്രിയകൾ കേവല പ്രകൃതികളും ഊട്ടുന്നു. ഊട്ടി എന്നിങ്ങനെയുള്ളവ പ്രയോജക പ്രകൃതികളും ആണ്.

വണ്ടി ഓടുന്നു.
ഡ്രൈവർ വണ്ടി ഓടിക്കുന്നു.

ഉടമസ്ഥൻ ഡ്രൈവറെകൊണ്ട് വണ്ടി ഓടിപ്പിക്കുന്നു എന്നിങ്ങനെ പ്രയോജക പ്രകൃതി ഒന്നിനുമേൽ ഒന്നായി വരും.

ഉടയുന്നു. , ഉടയ്ക്കുന്നു
കേൾക്കുന്നു, കേൾപ്പിക്കുന്നു

എന്നിങ്ങനെയാണ് കേവല ക്രിയയെ പ്രയോജക ക്രിയയാക്കുന്നത്.

മേൽ കൊടുത്തിരിക്കുന്ന ഉദാഹരണത്തിൽ ആദ്യത്തേത് (ഉടയുന്നു—ഉടയ്ക്കുന്നു) നോക്കുക. പ്രയോജകമാക്കാൻ കേവല പ്രകൃതിയിൽ 'ക' ചേർത്താൽ മതി. എന്നാൽ കേൾക്കുന്നു എന്ന പ്രയോജക പ്രകൃതിയിൽതന്നെ 'ക' കാരം ഉണ്ട്. കേവല പ്രകൃതിയിൽ 'ക' കാരമുള്ളതിനെ കാരിതം എന്നും 'ക' കാരമില്ലാത്തതിനെ അകാരിതം എന്നും പറയുന്നു. ഇത് നിങ്ങൾ നേരത്തെ പഠിച്ചിട്ടുള്ളതാണ്.

ഇനി നമുക്ക് കാലത്തെക്കുറിച്ച് ആലോചിക്കാം.

മൂന്നു തരത്തിലാണ് കാലം. ക്രിയ നടന്ന സമയം ഏത് എന്നു സൂചിപ്പിക്കുന്ന പ്രത്യയമാണ് പരാമർശിക്കപ്പെടുന്നത്. ഇന്ന് നടക്കുന്ന ക്രിയ, കഴിഞ്ഞുപോയ ക്രിയ, വരാനിരിക്കുന്ന ക്രിയ, ഇവയെ വേർതിരിച്ചുകാണിക്കാൻ ധാതുവിനോടുകൂടെ വേറെ വേറെ പ്രത്യയങ്ങൾ ചേർക്കുന്നു. ഇവയെ യഥാക്രമം വർത്തമാനകാലം, ഭൂതകാലം, ഭാവികാലം എന്നു വിളിക്കുന്നു.

| ഉദാ: വർത്തമാനം | ഭൂതം | ഭാവി |
|---|---|---|
| ഓടുന്നു | ഓടി | ഓടും |
| കാണുന്നു | കണ്ടു | കാണും |
| എടുക്കുന്നു | എടുത്തു | എടുക്കും |

## 4.5.1 വർത്തമാനകാലം

മുമ്പു കൊടുത്ത ഉദാഹരണത്തിൽ നിന്ന് ഒരു കാര്യം വ്യക്തമായി. ക്രിയാ ധാതുവിനോടുകൂടെ 'ഉന്നു' എന്നു ചേർത്താൽ വർത്തമാനകാല രൂപമായി.

ചെയ്യുന്നു
പോകുന്നു
വരുന്നു
അടിക്കുന്നു
തടുക്കുന്നു
പിടുക്കുന്നു

എന്നിങ്ങനെ മാററമില്ലാതെ ഒരേ പ്രത്യയം തന്നെ. എങ്കിലും 'വ' കാരത്തിൽ അവസാനിക്കുന്ന ധാതുവിനോട് 'ഉന്നു' ചേരുമ്പോൾ 'വ' കാരമായി മാറിയെന്നു വരാം.

| | |
|---|---|
| ഉദാ: ചാവുന്നു | ചാകുന്നു |
| വേവുന്നു | വേകുന്നു |
| തടവുന്നു | തടകുന്നു |

ചില വ്യഞ്ജനങ്ങൾ ഇരട്ടിച്ചതിനുശേഷമാണ് 'ഉന്നു' ചേരുന്നത്.

| | | |
|---|---|---|
| എണ്ണുന്നു. | ചൊല്ലുന്നു. | തിന്നുന്നു. |
| തുടങ്ങുന്നു. | നീങ്ങുന്നു. | |

എന്നിവ ഉദാഹരണങ്ങൾ.

## 4.5.2 ഭൂതകാലം

ക്രിയ സംഭവിച്ചു കഴിഞ്ഞു എന്നാണ് ഭൂതകാലത്തിന്റെ അർത്ഥം.

'ഇ', 'തു', എന്നു രണ്ടു പ്രത്യയങ്ങളാണ് ഭൂതകാലത്തിനുള്ളത്. പ്രത്യയം ചേരുമ്പോൾ ഭാഷയ്ക്കു സ്വാഭാവികമായ വർണ്ണവികാരങ്ങൾ ഉണ്ടാകും എന്ന കാര്യം ഓർക്കേണ്ടതാണ്.

| | | | |
|---|---|---|---|
| കൺ | + തു | = | കണ്ടു |
| പറ | + തു | = | പറഞ്ഞു |
| പൊങ് | + ഇ | = | പൊങ്ങി |
| ഉരുള് | + ഇ | = | ഉരുട്ടി |

ഊട്ടി, ഉരുട്ടി, താഴ്ത്തി എന്നെല്ലാമുള്ള ഭൂതകാല രൂപങ്ങൾ പ്രയോജിക പ്രൃതിയിലാണ് കാണുന്നത്. അവയുടെ കേവലപ്രകൃതിയിൽ 'ഇ' പ്രത്യയം ചേരുന്നു.

ഉണ്ടു, ഉരുണ്ടു, താഴ്ന്നു.

എന്നാൽ 'ങ' കാരത്തിൽ അവസാനിക്കുന്ന കേവല പ്രകൃതിയിൽ 'ഇ' തന്നെ ചേർന്ന് ഭൂതകാലമുണ്ടാകുന്നു.

അടങ്ങി, പൊങ്ങി

'ഇ', 'തു' ഏതേതു ധാതുക്കളിലാണ് ചേർക്കേണ്ടതെന്നു നിർണ്ണയിക്കാൻ പ്രയാസമാണ്. ഏതു തരത്തിൽ നിയമം പറഞ്ഞാലും അവയ്ക്കെല്ലാം അപവാദങ്ങളാകാൻ പാകത്തിൽ ധാരാളം ഉദാഹരണങ്ങൾ ഭാഷയിൽ ഉണ്ട്.

| | | | |
|---|---|---|---|
| വേൾ | + തു | = | വേട്ടു |
| വില് | + തു | = | വിററു |
| വിറ | + തു | = | വിറച്ചു |

എന്നെല്ലാം പ്രത്യയം ചേരുമ്പോൾ ഉണ്ടാകുന്ന വർണ്ണവികാരങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 4.5.3 ഭാവികാലം

ക്രിയ നടക്കാനിരുക്കുന്നു എന്നാണ് ഭാവിയുടെ അർത്ഥം.

'ഉം' എന്നാണ് പ്രത്യയം. വരും, പോകും, കാണും എന്ന പോലെ ധാതുവിനോടുകൂടി 'ഉം' ചേർത്താൽ മതി.

എന്നാൽ **അവധാരകഭാവി** എന്നു വിളിക്കുന്ന മറ്റൊരു രൂപമുണ്ട്. മററുള്ളതിൽ നിന്ന് വേർതിരിച്ച് കാണിക്കുകയാണ് അവധാരണം.

അവനേ അതു ചെയ്യൂ
കള്ളമേ പറയൂ.

'ഊ' ആണ് ഇതിന്റെ പ്രത്യയം. അത് ദീർഘിച്ചും ആകാം.

കാരിതപ്രകൃതിയുടെ അവധാരക ഭാവിയിൽ 'ക്കു' വിനു പകരം 'പ്പൂ' വരും. അകാരത്തിൽ 'വു' വരും.

കോംപ്പൂ
കൊാംവൂ

അനുനാസികത്തിൽ അവസാനിക്കുന്ന പ്രകൃതി 'മൂ' എന്നു മാററാം.

കാണ്മൂ
സർവ്വകാലികമായ അർത്ഥത്തിൽ അവധാരക ഭാവി പ്രയോഗിക്കും.

വിതച്ചതേ കൊയ്യൂ.

പതിവ് കാണിക്കാൻ ഭാവികാലം ഉപയോഗിക്കാറുണ്ട്.

ഉദാ: കർക്കിടകത്തിൽ മഴ പെയ്യും.
പള്ളിക്കൂടം എല്ലാക്കൊല്ലവും മാർച്ചിൽ അടയ്ക്കും.

ഇതിനു ശീലഭാവി എന്നാണ് പേര . ഇതേ അർത്ഥത്തിൽ വർത്തമാനകാലവും പ്രയോഗിക്കാറുണ്ട്.

ഉദാ: സൂര്യൻ കിഴക്ക് ഉദിക്കുന്നു.

**പുരോഗതി സ്വയം പരിശോധിക്കുക. 4**

1. കാലം എന്നാലെന്ത്?
2. കാലപ്രത്യയങ്ങൾ ഏവ?
3. കാലം നിർണ്ണയിക്കുക.

1. പറയൂ 2. കർക്കിടകത്തിൽ മഴപെയ്യും 3. വിറച്ചു 4. ചാകുന്നു

## 4.6 പ്രകാരം

ക്രിയയെ സംബന്ധിച്ചു വക്താവിനുള്ള മനോഭാവം വ്യക്തമാക്കാൻ ചെയ്യുന്ന രൂപഭേദം എന്ന് പ്രകാരത്തെ നിർവ്വചിക്കാം.

നാലുതരം പ്രകാരങ്ങളുണ്ട്. നിർദ്ദേശകം, നിയോജകം, വിധായകം, അനുജ്ഞായകം

**നിർദ്ദേശകം**

ക്രിയാധാതുവിന്റെ അർത്ഥത്തിൽ താല്പര്യഭേദം വരുത്താതെ ക്രിയയെ അതേപടി നിർദ്ദേശിക്കുക മാത്രം ചെയ്താൽ നിർദ്ദേശകമായി.

ഉദാ: കുട്ടികൾ പാട്ടു പാടുന്നു.
കാടു പൂത്തു.
വെയിൽ മങ്ങി

**നിയോജകം**

നിയോഗമാണ് ഇതിന്റെ താല്പര്യം.
സീത പാട്ടു പാടട്ടെ.
രാമൻ കാടു വാഴട്ടെ.

മധ്യമ ഏകവചനത്തിൽ പ്രത്യയം കൂടാതെ ധാതുമാത്രം പ്രയോഗിച്ചാലും നിയോജകപ്രകാരമാകും.

ഉദാ: നീ വാ.

'ഉ' ചേർത്താൽ അനാദരം തോന്നുകയില്ല.

നീ വരൂ, നീ അതു ചെയ്യൂ.

ബഹുവചനമാകുമ്പോൾ 'ഇൻ' എന്നു ചേർക്കും.

ഉദാ: നിങ്ങൾ വരിൻ.

പ്രാർത്ഥനയുടെയും ആശംസയുടെയും അർത്ഥവും അതിനു കിട്ടും.

ദൈവം രക്ഷിക്കട്ടെ.

**വിധായകം**

ക്രിയ ചെയ്യേണ്ടതാണെന്നു വിധിക്കുകയാണ് വിധായകം. ക്രിയയുടെ നടുവിനയെച്ച രൂപത്തിൽ 'അണം' എന്നു ചേർത്താൽ വിധാകയ പ്രകാരമായി.

ഉദാ: ചെയ്യണം, പോകണം.
തിന്നണം, ഉറങ്ങണം.

ചെയ്യേണ്ടതാണ്, ചെയ്യേണ്ടിയിരിക്കുന്നു എന്ന് വർത്തമാനകാല വിധായകപ്രകാരം.

ചെയ്യേണ്ടിയിരുന്നു, ചെയ്യേണ്ടതുണ്ടായിരുന്നു എന്ന് ഭൂതകാലം.
പോകണം, പോകവേണം, പോകേണ്ടതായിരിക്കും എന്ന് ഭാവി.

വിധായകപ്രകാരത്തിന് വേറെയും അർത്ഥങ്ങൾ വരും. ക്രിയ ചെയ്യേണ്ടതാണ് എന്ന് സാമാന്യാർത്ഥം. 'എനിയ്ക്ക് ഉച്ചയ്ക്ക് ഊണു കഴിച്ചാൽ അല്പം ഉറങ്ങണം' എന്ന വാക്യത്തിന്റെ താല്പര്യം എന്റെ ഒരു ശീലം വ്യക്തമാക്കുകയാണ്.

'അവൻ' വന്നിട്ടുണ്ടാവണം' എന്ന വാക്യത്തിൽ ഊഹമാണ് കാണുന്നത്.
'പത്തു രൂപാ കടം തരണം' എന്നിടത്ത് അപേക്ഷയാണ് അർത്ഥം.

**അനുജ്ഞായകം**

അനുവാദം കൊടുക്കുന്നതാണ് അനുജ്ഞായപ്രകാരം.
നിനക്കു പോകാം.
ആ പുസ്തകം താങ്കൾക്ക് എടുക്കാം.

**പുരോഗതി സ്വയം പരിശോധിക്കുക 5**

1. പ്രകാരമെന്തെന്ന് നിർവ്വചിക്കുക.

2. പ്രകാരങ്ങൾ എത്രവിധം? വിവരിക്കുക.

3. അനജ്ഞായകപ്രകാരത്തിലാക്കുക.

നിങ്ങൾ പുസ്തകം വായിക്കണം.
അവർ കൊല്ലത്തേക്കു പോകട്ടെ.
ഈ വാക്കുകൾ ശ്രദ്ധിപ്പിൻ.

## 4.7 പ്രയോഗം

(1) നാമം കർത്താവ് എന്ന നിലയ്ക്കോ കർമ്മം എന്ന നിലയ്ക്കോ ക്രിയയോട് ബന്ധപ്പെടും. ആ ബന്ധത്തിനു കാരകം എന്നു പേർ.

കർത്തൃകാരകമായി ക്രിയ പ്രയോഗിച്ചാൽ അത് കർത്തരി പ്രയോഗം.
കർമ്മകാരകമായി പ്രയോഗിച്ചാൽ കർമ്മണി പ്രയോഗം.
രാമൻ രാവണനെ കൊന്നു. (കർത്തരി പ്രയോഗം)
രാമനാൽ രാവണൻ കൊല്ലപ്പെട്ടു. (കർമ്മണി പ്രയോഗം)

നടുവിനയെച്ച രൂപത്തോട് 'പെടുക' ചേർത്താണ് സാധാരണയായി കർമ്മണി പ്രയോഗം ഉണ്ടാക്കുന്നത്.

| | | | | |
|---|---|---|---|---|
| ഉദാ: ചെയ്യ | + | പെടുക | = | ചെയ്യപ്പെടുക |
| ഒഴിക്ക | + | പെട്ടു | = | ഒഴിക്കപ്പെട്ടു |
| വിളിക്ക | + | പെടും | = | വിളിക്കപ്പെടും. |

സംസ്കൃതം തുടങ്ങിയ ഇന്തോയൂറോപ്യൻ ഭാഷകളിലാണ് കർമ്മണി പ്രയോഗം സ്വാഭാവികമായി ഉള്ളതെന്നും മലയാളത്തിൽ പിൽക്കാലത്ത് ആര്യഭാഷാസമ്പർക്കത്തിന്റെ ഫലമായി കൃത്രിമമായി പ്രയോഗത്തിൽ വന്നതാണെന്നും ചിലർ ശക്തിയായി വാദിച്ചിട്ടുണ്ട്. എന്നാൽ ഇക്കാലത്ത് ആ മതം അതേപടി

സ്വീകരിച്ചു കാണുന്നില്ല. എങ്കിലും, കർമ്മണി പ്രയോഗം കരുതലോടെ പ്രയോഗിക്കേണ്ട ഒന്നാണ്. കർത്തരിപ്രയോഗം മതിയാവുന്നിടത്ത് കർമ്മണി പ്രയോഗത്തിനു പ്രസക്തിയില്ല. ചിലേടത്ത് കർമ്മണിപ്രയോഗം ഒഴിവാക്കാൻ കഴിയുകയുമില്ല. അങ്ങനെയുള്ളിടത്ത് കർത്തരിപ്രയോഗം വേണമെന്നു ശഠിക്കുന്നതു ഭംഗിയല്ല.

'സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യാൻ മനുഷ്യൻ ആഗ്രഹിക്കുന്നു.' എന്ന വാക്യത്തിലെ 'സ്നേഹിക്കപ്പെടുക' ഒഴിവാക്കണമെങ്കിൽ മനുഷ്യൻ മററുള്ളവരെ സ്നേഹിക്കുന്നതിനും തന്നെ മററുള്ളവർ സ്നേഹിക്കുന്നതിനും ആഗ്രഹിക്കുന്നു എന്നു വിടർത്തി അഭംഗിയുണ്ടാക്കേണ്ടിവരും. അതിനേക്കാൾ എത്രയോ ആർജ്ജവമുള്ളതാണ് ആദ്യത്തെ പ്രയോഗം.

പെടുക ചേർക്കാതെതന്നെ കർമ്മണി പ്രയോഗത്തിന്റെ അർത്ഥം കിട്ടുന്ന സന്ദർഭങ്ങൾ ധാരാളമുണ്ട്.

'മുകളിൽ ഉദ്ധരിച്ച ഭാഗം'—

മുകളിൽ ഉദ്ധരിക്കപ്പെട്ട ഭാഗം തന്നെയാണ്. അവിടെ 'പെട്ട' ഇല്ലാതിരിക്കുന്നതുതന്നെ ഭംഗി.

'ഇന്നലെ വാങ്ങിയ പുസ്തകം'—

കർത്താവിനെ പ്രയോഗിക്കാതെ ഉപേക്ഷിച്ചതാണെന്നു പറയാം. 'ഇന്നലെ വാങ്ങപ്പെട്ട പുസ്തകം' എന്ന അർത്ഥത്തിലായാലും ഒരു കുഴപ്പവുമില്ലല്ലോ.

**പുരോഗതി പരിശോധിക്കുക. 6**

**യ)** 1. പ്രയോഗമെന്നാലെന്ത് മലയാളത്തിലെ പ്രയോഗങ്ങൾ ഏവ?

2. കർത്തരി പ്രയോഗത്തിൽ നിന്ന് കർമ്മണിപ്രയോഗം ഉണ്ടാക്കുന്നത് എങ്ങനെ? ഉദാഹരണസഹിതം വിവരിക്കുക.

## 4.8 പാഠസംഗ്രഹം

പ്രത്യയങ്ങൾ ചേർന്നാൽ നാമപദങ്ങളും ധാതുക്കളും വാക്യത്തിൽ പ്രയോഗിക്കുന്നതിന് പററിയവയായിത്തീരുന്നു. പദങ്ങളുടെ പരസ്പരബന്ധം, പദങ്ങൾക്ക് ധാതുവുമായിട്ടുള്ള ചേർച്ച എന്നിവ പ്രത്യയങ്ങൾകൊണ്ട് വെളിവാക്കാം. നാമത്തോട് ചേരുന്ന പ്രത്യയങ്ങൾ വചനം, ലിംഗം, വിഭക്തി എന്നിവയേയും ധാതുവിനോടു ചേരുന്നവ കാലം, പ്രകാരം, പ്രയോഗം എന്നിവയേയും സൂചിപ്പിക്കുന്നു. ഒരു വസ്തുവിനെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ അത് ഒന്നോ രണ്ടോ എന്ന് കാണിക്കേണ്ടതായി വരും. ആയതിലേയ്ക്കുള്ള രൂപഭേദത്തെയാണ് വചനം എന്ന് പറയുന്നത്. ഏകവചനം ബഹുവചനം എന്നിങ്ങനെ വചനം രണ്ടു വിധം. ബഹുവചനമാവട്ടെ സലിംഗ-അലിംഗ-പൂജക ഭേദത്താൽ മൂന്നു വിധം പരുഷൻ, സ്ത്രീ, നപുംസകം എന്ന വ്യത്യാസത്തെ സൂചിപ്പിക്കുന്നതിന് ശബ്ദത്തോടു ചേർക്കുന്ന പ്രത്യയങ്ങളാണ് ലിംഗ പ്രത്യയങ്ങൾ. വ്യാകരണ വ്യവസ്ഥയല്ല സ്വാഭാവികതയാണ് മലയാളത്തിലെ ലിംഗവ്യവസ്ഥയക്കുള്ളത്. അൻ, അൾ, തു എന്നിങ്ങനെയാണ് സാമാന്യേന ഇവയെ സൂചിപ്പിക്കുന്ന പ്രത്യയങ്ങൾ. നാമത്തിന് മററു പദങ്ങളോടുള്ള ബന്ധം കാണിക്കുന്നതിന് നാമത്തിൽ ചേർക്കുന്ന പ്രത്യയങ്ങളെ വിഭക്തി എന്ന് പറയുന്നു. ഏഴു വിഭക്തിയുണ്ട് മലയാളത്തിൽ. വിഭക്തി പ്രത്യയത്തിനുശേഷം ഗതി ചേർന്നാൽ അതിനെ മിശ്രവിഭക്തിയെന്ന് പറയുന്നു. വിഭക്തിയുടെ അർത്ഥംകാണിക്കുന്ന ചില വിശിഷ്ട പ്രയോഗങ്ങളും ഭാഷയിൽ കാണാം. അതിനെ വിഭക്ത്യാഭാസമെന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. വർത്തമാനം, ഭാവി, ഭൂതം എന്നിങ്ങനെ മൂന്നു കാലത്തെ സൂചിപ്പിക്കുന്ന പ്രത്യയങ്ങൾ ഭാഷയിലുണ്ട്. ഏത് സമയത്ത് സംഭവിച്ചുവെന്ന് അവ സൂചിപ്പിക്കുന്നു. മനോഭാവത്തെ വ്യക്തമാക്കുവാൻ ധാതുവിനോട് ചേരുന്ന പ്രത്യയമാണ് പ്രകാരം. കർത്തരി, കർമ്മണി എന്നിങ്ങനെ രണ്ടു പ്രയോഗം മലയാളത്തിൽ ഉണ്ട്.

## 4.9 പുരോഗതി പരിശോധിക്കുക—ഉത്തരം

1. സംസ്കൃത ഭാഷയിൽ മൂന്നു വചനമുണ്ട്—ഏകവചനും, ദ്വിവചനം, ബഹുവചനം. എന്നാൽ മലയാളത്തിൽ രണ്ടു വചനമേയുള്ളൂ. ദ്വിവചനം മലയാളത്തിലില്ല. സലിംഗബഹുവചനം, അലിംഗബഹുവചനം,

പൂജകബഹുവചനം എന്നിവ മലയാളത്തിന്റെ സവിശേഷതയാണ്. നിത്യബഹുവചനം എന്നൊരു ഇനം സംസ്കൃതത്തിലെപ്പോലെ മലയാളത്തിൽ ഇല്ല.

2. സംഖ്യാവിശേഷണം ചേർത്ത നപുംസക ശബ്ദത്തോട് ബഹുവചനപ്രത്യയമായ 'കൾ' 'മാർ' എന്നീ വിഭക്തിക്കുറി ചേർക്കേണ്ടതില്ല. ഉദാ: പത്തുമാങ്ങ, എട്ടു തവി. വചനം സംഖ്യയെ സൂചിക്കുന്നതിനാൽ, സംഖ്യാവാചക ശബ്ദം വിശേഷണമായി വന്നു കഴിഞ്ഞാൽ ആവർത്തനമായി മാറുന്നു എന്ന പ്രത്യേകത കൂടിയുണ്ട്. അലിംഗ-സലിംഗ ബഹുവചനത്തിൽ വചനപ്രത്യയം ചേർക്കാറാണ് പതിവ് എന്നും ഓർക്കണം.

3. ഒരു വ്യക്തിയെ സൂചിപ്പിക്കുന്ന ശബ്ദത്തോട് ബഹുവചന പ്രത്യയം ചേർത്താൽ കിട്ടുന്ന രൂപത്തെ പൂജക ബഹുവചനമെന്ന് പറയുന്നു. ഉദാ: പണ്ഡിതർ, താങ്കൾ. അർ, കൾ എന്നീ പ്രത്യയങ്ങൾ ഒന്നിലധികം എന്ന അർത്ഥത്തെയല്ല ആദരവിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

4. സ്ത്രീപുരുഷന്മാരെ വേർതിരിച്ചു കാണിക്കുന്നതാണ് സലിംഗ ബഹുവചനം.
ഉദാ: മിടുക്കന്മാർ, മിടുക്കത്തികൾ.

5. സ്ത്രീപുരുഷന്മാരെ ചേർത്ത് വ്യവഹരിക്കുമ്പോൾ അലിംഗ ബഹുവചനം.
ഉദാ: മിടുക്കർ, ക്ഷീണിതർ

1. സലിംഗബഹുവചനം—അലിംഗബഹുവചനം.
2. ഉത്തമപുരുഷനും, പ്രഥമപുരുഷനും ഉൾപ്പെടുന്നു.— ഉത്തമ-മദ്ധ്യമ-പ്രഥമപുരുഷന്മാർ ഉൾപ്പെടുന്നു.
3. സ്വവാചി സർവ്വനാമം ഏകവചനം—പൂജകബഹുവചനം മദ്ധ്യമപുരുഷൻ

1. മാർ
2. കൾ
3. കൾ
4. അ
5. അൻ

ഊ 1. പത്തുകുതിരകളെ പൂട്ടിയ വണ്ടി.
2. നാലുമാങ്ങകൾ വേണം.
3. ദശരഥന് മൂന്നു ഭാര്യ ഉണ്ടായിരുന്നു.

ക. വ്യാകരണ സങ്കേതത്തേക്കാൾ സ്വാഭാവികതയാണ് മലയാളത്തിലെ ലിംഗ നിർണ്ണയത്തിന് ആധാരം. പദത്തിന്റെ അർത്ഥം പുരുഷത്വത്തേയോ, സ്ത്രീത്വത്തെയോ, നപുംസകത്വത്തെയോ ഏതിനെയാണ് സൂചിപ്പിക്കുന്നതെന്ന് നോക്കിയിട്ടാണ് മലയാളത്തിൽ ലിംഗപ്രത്യയങ്ങൾ ശബ്ദങ്ങളോട് ചേർക്കാറുള്ളത്.

2) 1. ദേവി
2. നിശാചരി
3. മയൂരി
4. മഹതി
5. ഉദാര
6. തട്ടാത്തി
7. നുണച്ചി
8. ജ്യേഷ്ഠത്തി
9. തമ്പുരാട്ടി
10. വാരസ്യാർ

## 8. പുരോഗതി സ്വയം പരിശോധിക്കുക.

ക 1. നാമത്തിന് മററുപദങ്ങളോടുള്ള ബന്ധം കാണിക്കുന്നതിൽ നാമത്തിൽ ചേർക്കുന്ന പ്രത്യയങ്ങളാണ് വിഭക്തി.

| | | |
|---|---|---|
| 1. | നിർദ്ദേശിക | പ്രത്യയമില്ല.<br>**രാമൻ** പാഠം വായിച്ചു. |
| 2. | പ്രതിഗ്രാഹിക | എ പ്രത്യയം<br>രാമൻ **കുതിരയെ** കെട്ടി. |

3. സംയോജിക — ഓട് പ്രത്യയം
യമുന ഗംഗയോട് ചേരുന്നു.

4. ഉദ്ദേശിക — ക്ക് പ്രത്യയം.
കുട്ടിയ്ക്ക് ഭക്ഷണം കൊടുക്കുക.

5. പ്രയോജിക — ആൽ പ്രത്യയം
പാണ്ഡിത്യത്താൽ ശോഭിച്ചു.

6. സംബന്ധിക — ഉടെ പ്രത്യയം 'ഉടെ' 'ന്റെ' യായി മാറിവരും.
സീതയുടെ
എന്റെ

7. ആധാരിക — ഇൽ, കൽ പ്രത്യയം
കാട്ടിൽ
പടിക്കൽ

ച) 1. വിഭക്ത്യാഭാസം. പാടം+അത്ത്+ഇൻ+കര.
ആധാരികാവിഭക്തിയുടെ സ്ഥാനത്ത് 'അത്ത്' സംബന്ധികയുടെ അർത്ഥം കിട്ടാൻ 'ഇൻ' ഇടനില.

2. വിഭക്ത്യാഭാസം. കാടു+ഇൽ+ഏ+തടി.
ആധാരികാ വിഭക്തിപ്രത്യയത്തിന്റെ കൂടെ 'ഏ' ചേർന്നിരിക്കുന്നു. 'ഏ' എന്ന ഇടനിലകൊണ്ട് അതിലുള്ള എന്നർത്ഥം.

3. സംബന്ധികാവിഭക്തി- തേവർ+ഉടെ 'ഉടെ' സംബന്ധികാ വിഭക്തി പ്രത്യയം,തേവർ എന്ന നാമത്തോട് ചേർത്തിരിക്കുന്നു.

4. ഉദ്ദേശികാ വിഭക്തി- അവൻ+ക്ക്
'അൻ' എന്നവസാനിക്കുന്ന നാമത്തിൽ 'ക്ക്' ചേർന്നാൽ ലോപിക്കും—

5. സംബന്ധികാ വിഭക്തി- എൻ+ഉടെ
'ഉടെ' രൂപപരിണാമം വന്ന് 'ന്റെ' ആയി.

6. സംബോധനാവിഭക്തി- നാമങ്ങളുടെ അവസാനം 'ഏ' എന്നോ 'ഓ' എന്നോ ചേർക്കുന്നു.

## 4. പുരോഗതി സ്വയം പരിശോധിക്കുക.

ത) 1. ക്രിയ ഏത് സമയത്ത് സംഭവിച്ചു എന്നു സൂചിപ്പിക്കുന്നതാണ് കാലം. ഇത് പ്രത്യയങ്ങൾ കൊണ്ടാണ് സാധിക്കുന്നത്. ഇപ്പോൾ നടക്കുന്ന ക്രിയ, കഴിഞ്ഞുപോയ ക്രിയ, വരാനിരിക്കുന്ന ക്രിയ എന്നിങ്ങനെ വേർതിരിച്ചു കാണിക്കാൻ ധാതുവിനോടുകൂടെ കാലപ്രത്യയങ്ങൾ ചേർക്കുന്നു.

| | |
|---|---|
| രാമൻ പാഠം പഠിക്കുന്നു. | ഇപ്പോൾ ക്രിയ സംഭവിക്കുന്നുവെന്നാണ് വിവക്ഷ |
| രാമൻ സിനിമ കണ്ടു. | ക്രിയ സംഭവിച്ചു കഴിഞ്ഞു എന്നാണ് വിവക്ഷ |
| രാമൻ പരീക്ഷയിൽ പാസാകും. | ക്രിയ സംഭവിച്ചിട്ടില്ല, സംഭവിക്കാനിരിക്കുന്നതേയുള്ളൂ എന്നാണ് വിവക്ഷ |

2. വർത്തമാനകാല പ്രത്യയം

| | | | | | |
|---|---|---|---|---|---|
| 'ഉന്നു' | പോ | + | ഉന്നു | = | പോകുന്നു. |
| | ചെയ് | + | ഉന്നു | = | ചെയ്യുന്നു. |

ഭൂതകാല പ്രത്യയം

| | | | | | |
|---|---|---|---|---|---|
| ഇ | ഓട് | + | ഇ | = | ഓടി |
| | പാട് | + | ഇ | = | പാടി |
| തു | വേട് | + | തു | = | വേട്ടു |
| | കൺ | + | തു | = | കണ്ടു. |

ഭാവികാല പ്രത്യയം.

| | | | | | |
|---|---|---|---|---|---|
| ഉം | പാട് | + | ഉം | = | പാടും |
| | ചെയ് | + | ഉം | = | ചെയ്യും |
| ഊ | ചെയ് | + | ഊ | = | ചെയ്യൂ. |

| | | | | |
|---|---|---|---|---|
| വര് | + | ൂ | = | വരൂ |
| കേൾക്ക് | + | ൂ | = | കേൾക്കൂ |

3) 1. അവധാരക ഭാവി. പറയ് എന്ന ധാതുവിനോട് 'ൂ' എന്ന പ്രത്യയം ചേർത്തിരിക്കുന്നു. മററുള്ളവയിൽ നിന്ന് വേർതിരിച്ചു കാണിക്കുകയാണ് ഉദ്ദേശ്യം

2. ശീലഭാവി. പതിവ് കാണിക്കാൻ 'ഉം' എന്ന ഭാവികാലപ്രത്യയം ചേർത്തിരിന്നുക്കു.

3. ഭൂതകാലം — 'വിൽ' ധാതുവിനോട് 'തു' എന്ന ഭൂതകാല പ്രത്യയം ചേർത്തിരിക്കുന്നു.

4. വർത്തമാനകാലം — 'ചാവ്' എന്ന് വകാരത്തിൽ അവസാനിക്കുന്ന ധാതുവിനോട് 'ഉന്നു' എന്ന വർത്തമാനകാല പ്രത്യയം ചേർന്നപ്പോൾ 'വ' കാരത്തിന് 'ക' കാരം ആദേശം വികല്പേന വരുന്നു.

**5. പുരോഗതി സ്വയം പരിശോധിക്കുക.**

പ 1. ക്രിയയെ സംബന്ധിച്ച് വക്താവിനുള്ള മനോഭാവം വ്യക്തമാക്കാൻ പ്രത്യയം മുഖേന ധാതുവിൽ വരുത്തുന്ന രൂപഭേദമാണ് പ്രകാരം.

2. നിർദ്ദേശം — ധാതുവിൻെറ അർത്ഥത്തിൽ താല്പര്യഭേദം വരുത്താതെ അതേപടി നിർദ്ദേശിക്കൽ
ഉദാ: മാവു പൂക്കുന്നു.
കുയിൽ പാടുന്നു.

നിയോജകം — ക്രിയ ചെയ്യുന്ന ആൾക്ക് നിർദ്ദേശം നലക്ന്നുവെന്നതാണ് താല്പര്യം.
ഉദാ: കുട്ടികൾ നില്ക്കട്ടെ
നിങ്ങൾ വരൂ.

വിധായകം — ക്രയ ചെയ്യേണ്ടതാണെന്ന വിധിയാണ് ഇവിടെ താല്പര്യം.
ഉദാ: കുട്ടികൾ പഠിക്കണം.
രോഗികൾ മരുന്നു കഴിക്കണം.

അനുജ്ഞായകം — അനുവാദം കൊടുക്കുന്നു എന്നതാണ് ഇവിടെ താല്പര്യം.
ഉദാ: നാളെ കാണാം.
ബാങ്കിൽ നിന്ന് കടമെടുക്കാം.
നിങ്ങൾക്ക് പുസ്തകം വായിക്കാം.
അവർക്ക് കൊല്ലത്തേയ്ക്ക് പോകാം.
ഈ വാക്കുകൾ ശ്രദ്ധിക്കാം.

**6 പുരോഗതി പരിശോധിക്കുക.**

യ) 1. വാക്യത്തിലെ ക്രിയയോട് നാമം കർത്താവ് എന്ന നിലയിലോ കർമ്മം എന്ന നിലയിലോ ഏതു നിലയിൽ ആണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് കാണിക്കാൻ, പ്രത്യയം മൂലമോ, മററുപ്രകാരത്തിലോ, ധാതുവിൽ വരുത്തുന്ന രൂപ പരിണാമത്തെയാണ് പ്രയോഗം എന്ന് പറയുന്നത്. മലയാളത്തിൽ കർത്തരി എന്നും കർമ്മണി എന്നും രണ്ടു തരം പ്രയോഗങ്ങൾ കണ്ടുവരുന്നു. കർത്തരിപ്രയോഗമാണ് സാമാന്യേന കാണാറുള്ളത്. കർമ്മണി പ്രയോഗം അന്യഭാഷാസ്വാധീനം കൊണ്ടുണ്ടായതാണ്.

2. നടുവിനയെച്ച രൂപത്തോട് 'പെടുക' ചേർത്താണ് കർത്തരിയിൽനിന്നും കർമ്മണിപ്രയോഗം ഉണ്ടാക്കുന്നത്.

| | |
|---|---|
| രാമൻ പണി ചെയ്തു. | കർത്തരി |
| രാമനാൽ പണി ചെയ്യപ്പെട്ടു. | കർമ്മണി. |

പെടുക ചേർക്കാതെ കർമ്മണി പ്രയോഗത്തിൻെറ അർത്ഥം കിട്ടുന്ന സന്ദർഭങ്ങൾ ഉണ്ട്

ഉദാ:
മുകളിൽ ഉദ്ധരിച്ച ഭാഗം.
ഇന്നലെ വാങ്ങിയ പുസ്തകം.